21.10.2023

SATURDAY ശനിയാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department
GOVERNMENT OF KERALA


Chief Editor : ASA S KUMAR

Editor : Dr BINU HARRIET IVAN



Farm Information Bureau, Kowdiar, Thiruvananthapuram – 695003
Website : fibkerala.gov.in; E-mail : piofibvm@gmail.com, fibnewstvm@gmail.com
Telephone : 0471 – 2318186, 2317314

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-21/10/202

1. കർഷകർക്ക് കൃഷി വകുപ്പിന്റെ എയിംസ് പോർട്ടൽ വഴി കൃഷി നാശനഷ്ടങ്ങൾക്ക് ധനസഹായത്തിനായി അപേക്ഷ സമർപ്പിക്കാം. അതിനായി എയിംസ് പോർട്ടലിൽ (www.aims.kerala.gov.in) ലോഗിൻ ചെയ്ത് കൃഷിഭൂമിയുടെയും, നാശനഷ്ടം സംഭവിച്ച കാർഷിക വിളകളെയും സംബന്ധിച്ച വിവരങ്ങൾ ചേർത്ത് കൃഷിഭവനുകളിലേക്ക് ഓൺലൈനായി അപേക്ഷ സമർപ്പിക്കാം. കൂടുതൽ വിവരങ്ങൾക്ക് www.aims.kerala.gov.in, www.keralaagriculture.gov.in വെബ്സൈറ്റുകൾ സന്ദർശിക്കണം.

2. മണ്ണുത്തി സ്റ്റേറ്റ് സീഡ് ഫാമിൽ കാബേജ്, കോളിഫ്ളവർ, ക്യാരറ്റ്, ബീറ്റ് റൂട്ട്, ബ്രോക്കോളി തുടങ്ങിയ ശീതകാല പച്ചക്കറി തൈകളും മുള്ളങ്കി, പാലക്ക് തുടങ്ങിയവയുടെ തൈകളും വില്പനയ്ക്കായി തയ്യാറായിട്ടുണ്ട്. തൈ ഒന്നിന് മൂന്നു രൂപയാണ് വില. ആവശ്യമുള്ളവർ ഫാം ഓഫീസുമായി ബന്ധപ്പെടുക.

ഫോൺ: 0487 2371678, 9383471430.

3. കോട്ടയം ജില്ലയിലെ പുതുപ്പള്ളി ഗ്രാമപഞ്ചായത്തിൽ ജനകീയാസൂത്രണ പദ്ധതി 2023- 24 പ്രകാരം നടപ്പാക്കുന്ന മുട്ടക്കോഴി വളർത്തൽ, ധാതുലവണ വിതരണം, പ്രത്യേക കന്നുക്കുട്ടി പരിപാലനം എന്നീ പദ്ധതികളുടെ അപേക്ഷയും രേഖകളും ഗുണഭോക്തൃ വിഹിതവും (മുട്ടക്കോഴി വളർത്താൻ) കോട്ടയം ജില്ലയിലെ പുതുപ്പള്ളിയിലെ പരിയാരം വെറ്ററിനറി പോളിക്ലിനിക്കിൽ ഈ മാസം 31ന് 3 മണിക്ക് മുൻപ് സമർപ്പിക്കണമെന്ന് വെറ്റിനറി സർജൻ അറിയിച്ചു.

4. സംസ്ഥാന ക്ഷീരവികസന വകുപ്പിലെ കേരള സ്റ്റേറ്റ് ഡയറി മാനേജ്മെന്റ് ഇൻഫർമേഷൻ സെന്റർ വിഭാഗത്തിൽ വിവിധ തസ്തികകളിലേക്ക് നിയമനം നടത്തുന്നു. നോട്ടിഫിക്കേഷൻ ഉൾപ്പെടെയുള്ള വിശദാംശങ്ങൾക്ക് സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്പ്മെന്റിന്റെ https://www.cmd.kerala.gov.in വെബ്സൈറ്റോ സംസ്ഥാന ക്ഷീരവികസന വകുപ്പിന്റെ https://dairydevelopment.kerala.gov.in വെബ്സൈറ്റോ സന്ദർശിക്കുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

പരിശീലന പരിപാടി

5. റബ്ബർബോർഡിന്റെ കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ.ഐ.ആർ.റ്റി.) റബ്ബർനഴ്സറിപരിപാലനത്തിൽ പരിശീലനം നൽകുന്നു. മികച്ച നടീൽവസ്തുക്കളുടെ ഉത്പാദനത്തിനുള്ള വിവിധ പ്രജനനമാർഗങ്ങൾ, നഴ്സറിപരിപാലനം എന്നിവയിലുള്ള പരിശീലനം ഒക്ടോബർ 30, 31 തീയതികളിൽ കോട്ടയത്തുള്ള എൻ.ഐ.ആർ.റ്റി.-യിൽ വെച്ച് നടക്കും. കൂടുതൽ വിവരങ്ങൾക്ക് 9447710405 എന്ന ഫോൺ നമ്പരിലോ 04812351313 എന്ന വാട്ട്സ്ആപ്പ് നമ്പരിലോ ബന്ധപ്പെടാവുന്നതാണ്. ഇ മെയിൽ: training@rubberboard.org.in

6. കൊക്കോ കൃഷിയും സംരക്ഷണവും എന്ന വിഷയത്തിൽ seminar ഒക്ടോബർ 28 ന് കേരള കാർഷിക സർവ്വകലാശാല, തൃശ്ശൂർ, കൊക്കോ റിസർച്ച് സെന്ററിൽ വച്ച് നടത്തുന്നു. താല്പര്യമുള്ളവർ 9400851099 എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക

7. മലമ്പുഴ സർക്കാർ മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ **പശുവളർത്തലും ക്ഷീരോല്പാദന മേഖലയിലെ നൂതന സാധ്യതകളും** എന്ന വിഷയത്തിൽ ഈമാസം 26ന് രാവിലെ 10 മുതൽ 5 മണി വരെ പരിശീലനം ഉണ്ടായിരിക്കുന്നതാണ്. പരിശീലനത്തിൽ പങ്കെടുക്കുന്നവർ 0491 2815454, 9188522713 എന്നീ ഫോൺ നമ്പറുകളിൽ വിളിച്ച് മുൻകൂട്ടി പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. പങ്കെടുക്കുന്നവർ ആധാർ കാർഡിന്റെ കോപ്പി കൊണ്ടുവരേണ്ടതാണ്.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം